**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 819** **11.07.2016 ൽ മറുപടിയ്ക്ക്**

**അടൂർ വിദ്യാഭ്യാസ ജില്ല**

| **ചോദ്യം** | | **ഉത്തരം** |
| --- | --- | --- |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(ബി) അനുബന്ധ ഫയൽ തീർപ്പിൽ കഴിഞ്ഞ സർക്കാർ അനുവർത്തിച്ചതായി പറയപ്പെടുന്ന കാലവിളംബം അവസാനിപ്പിച്ച് അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;<br>(സി) നിലവിൽ അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് സാധ്യമാകാത്ത തരത്തിൽ എന്തെങ്കിലും സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് വിശദമാക്കുമോ ;<br>(ഡി) ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് അടൂർ വിദ്യാഭ്യാസ ജില്ല സമയബന്ധിതമായി സാധ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ചു തന്ന പ്രൊപ്പോസൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശുപാർശ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും, ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ